K23U 2250

Reg. No.: ..............................

Name : ..................................

**V Semester B.A. Degree (C.B.C.S.S.-O.B.E. – Regular/Supplementary/ Improvement) Examination, November 2023**
**(2019-2021 Admissions)**
**CORE COURSE IN MALAYALAM**
**5B08 MAL : നോവൽസാഹിത്യം**

Time : 3 Hours Max. Marks : 40

I. **രണ്ട്** ചോദ്യങ്ങൾക്ക് **300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(2×7=14)**

1) കൊളോണിയൽ ആധുനികതയുടെ യുക്തികൾ ഇന്ദുലേഖയിൽ പ്രവർത്തിക്കുന്നത് എങ്ങനെ ?

2) 'തോട്ടിയുടെ മകനിൽ പ്രകടമാകുന്ന വൃത്തിബോധം ആധുനികതയുടേതാണ്' – വിമർശനാത്മകമായി പരിശോധിക്കുക.

3) ആധുനിക നോവലിന്റെ സ്വഭാവ സവിശേഷതകൾ മയ്യഴിപ്പുഴയുടെ തീരങ്ങളിൽ എന്ന നോവലിനെ ആധാരമാക്കി അപഗ്രഥിക്കുക.

4) കീഴാള ജീവിത ഭൂമികയുടെ പ്രതീകമെന്ന നിലയിൽ തിയൂർ എന്ന സ്ഥലം 'ക്ഷൗര'ത്തിൽ ആവിഷ്കരിക്കപ്പെടുന്നതെങ്ങനെ ?

II. **നാല്** ചോദ്യങ്ങൾക്ക് **150** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×3=12)**

5) 'നാടിന്റെ ഭൂതകാല മാഹാത്മ്യം വാഴ്ത്തി രസിച്ച എഴുത്തുകാരനാണ് സി. വി. രാമൻപിള്ള' – വിമർശനാത്മകമായി പരിശോധിക്കുക.

6) "കർത്താവായ യേശു മിശിഹാതമ്പുരാനെ ക്രൂശിച്ചത് മരക്കുരിശിലല്ലേ ? പള്ളിക്കെന്തിനാ പൊൻകുരിശ് ?" – ഈ സംഭാഷണത്തെ മുൻനിർത്തി പൊൻകുരിശ് തോമ എന്ന കഥാപാത്രത്തിന്റെ സ്വഭാവം അനാവരണം ചെയ്യുക.

P.T.O.



7) 'ആദർശസ്ത്രീയെക്കുറിച്ച് സമൂഹം നിലനിർത്തിപ്പോരുന്ന യാഥാസ്ഥിതിക സങ്കൽപങ്ങളുടെ പരിധിക്കുള്ളിൽതന്നെ നിൽക്കുന്ന ഒരു കഥാപാത്രമാണ് മഞ്ഞിലെ നായികയായ വിമല' – ഈ അഭിപ്രായത്തിന്റെ സാധുത ചർച്ച ചെയ്യുക.

8) മയ്യഴിയുടെ രാഷ്ട്രീയ സാമൂഹിക സാഹചര്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിൽ, കൊളോണിയൽ അധിനിവേശ ശക്തികളോടുള്ള വിധേയത്വം നിർണായക ശക്തിയായി വർത്തിച്ചതെങ്ങനെ ?

9) മനുഷ്യന്റെ സാമൂഹികക്രമത്തെ അട്ടിമറിക്കുന്ന ജാതീയമായ ഉൾപ്പോരുകളെ പ്രശ്നവൽക്കരിക്കുന്ന കൃതിയാണ് ക്ഷൗരം – സമർത്ഥിക്കുക.

10) "നിന്നോട് ചെയ്ത പാപത്തിന് പരിഹാരമില്ലെന്നെനിക്കറിയാം. മതിയാവുമെങ്കിൽ എന്റെ ജീവനെടുത്തുകൊള്ളുക. ഞാൻ ഉണർന്നിരിക്കുന്നവളാണ് " – ആരുടെ വാക്കുകൾ ? സന്ദർഭം ഏത് ?

III. **നാല്** ചോദ്യങ്ങൾക്ക് **100** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×2=8)**

11) ഇന്ദുലേഖയിലെ ആഖ്യാനരീതിയുടെ സവിശേഷതയെന്ത് ?

12) 'വലിയ കഥാഖണ്ഡങ്ങളെ കൂട്ടിച്ചേർത്തുവെച്ച് അവയ്ക്കിടയിൽ ലഘുവും ലളിതവുമായ ഉപകഥകൾകൊണ്ട് മിനുക്കി വിളക്കിയെടുക്കുന്ന സി. വി. സമ്പ്രദായം' ധർമ്മരാജയിൽ പ്രതിഫലിക്കുന്നത് എങ്ങനെ ?

13) തൊഴിലാളി വർഗ്ഗനായകൻ എന്ന സങ്കല്പം 'തോട്ടിയുടെ മകനി'ലൂടെ തകഴി ആവിഷ്കരിക്കുന്നത് എങ്ങനെ ?

14) രാമൻനായരും തോമയും, ആനവാരി രാമൻനായരും പൊൻകുരിശ് തോമയും ആയിത്തീരുന്നതിന് ഇടയാക്കിയ സാഹചര്യം എന്ത് ?

15) ബോധധാരാസങ്കേതം ഉപയോഗിച്ച് എഴുതപ്പെട്ട നോവൽ എന്ന നിലയിൽ മഞ്ഞിന്റെ സവിശേഷതകൾ വിവരിക്കുക.

16) ജാതിയെ മറികടക്കാൻ എന്ന പേരിൽ നടന്ന ക്രിസ്തുമത സ്വീകാരത്തിന്റെ നിരർത്ഥകതയോടുള്ള പ്രതിഷേധം ആവർത്തനപുസ്തകം ആവിഷ്കരിക്കുന്നത് എങ്ങനെ ?